


# വേണം ഒരു ബദൽ മീഡിയാ സംസ്കാരം

**ദലിതരും പിന്നാക്കക്കാരും മുസ്‌ലിംകളും ചേർന്ന് ഒരു ബദൽ മീഡിയാ സംസ്കാരം രാജ്യത്ത് ഉയർന്നുവരേണ്ടതുണ്ട്. പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ കൂട്ടായ്മ മാധ്യമരംഗത്ത് ഉയർന്നുവന്നാൽ മുഖ്യധാരാ മാധ്യമങ്ങളെ കൂടി മാറിച്ചിന്തിപ്പിക്കാൻ പ്രേരകമാകുമെന്ന് ദലിത് ആക്ടിവിസ്റ്റും എഴുത്തുകാരനുമായ കെ.കെ കൊച്ച് പറയുന്നു.**



അഭിമുഖം

**കെ.കെ കൊച്ച്/**
**എം. ശറഫുല്ലാ ഖാൻ**

**മീഡിയാരംഗത്ത് ദലിതുകൾ പ്രാന്തവത്കരിക്കപ്പെടുന്നതിനെക്കുറിച്ച് കേരളത്തിൽ ചർച്ചകൾ നടക്കാത്തത് എന്തുകൊണ്ട്? ദേശീയതലത്തിൽ അത്തരം ചർച്ചകൾ നടക്കുന്നുണ്ടോ?**

സാംസ്കാരിക, സാമൂഹിക മേഖല എന്നതിലുപരി സാമ്പത്തിക സ്രോതസ്സിനായുള്ള മാർഗമായാണ് മാധ്യമലോകം നിലകൊള്ളുന്നത്. മറ്റൊരു പ്രധാന മേഖലയായ സിനിമയുടെ കാര്യത്തിലും ഇതുതന്നെയാണ് കാണാൻ കഴിയുക.

സ്വാഭാവികമായും ഇവിടെ മുതൽമുടക്കാനും ലാഭംകൊയ്യാനും രംഗത്തുവരുന്നത് സവർണ സമ്പന്ന വിഭാഗങ്ങളാണ്. സ്വകാര്യ മുതലാളിത്ത ശക്തികളുടെ

എല്ലാ സ്വഭാവവും അവർ പ്രകടിപ്പിക്കും. അതുകൊണ്ടുതന്നെ തങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെ മാത്രമേ അവർ ഈ രംഗത്തേക്ക് അടുപ്പിക്കാറുള്ളൂ. നിലവിലുള്ള മാധ്യമപ്രഭുക്കൾ ദലിതരെ അകറ്റിനിർത്തുന്നതിന്റെ പ്രധാന കാരണവും ഇതാണ്.

മറ്റൊന്ന് അവബോധത്തിന്റെ പ്രശ്നമാണ്. വ്യവസ്ഥാപിതമല്ലാത്ത ഒരു പാരമ്പര്യത്തിലാണ് ദലിതർ നിലകൊള്ളുന്നത്. സ്ഥാപനവത്കരിക്കപ്പെട്ട പൊതുബോധത്തെ അവർ അംഗീകരിക്കുകയില്ല. സവർണവത്കരിക്കപ്പെട്ട ഈ പൊതുബോധം മീഡിയാരംഗത്തെ പ്രാന്തവത്കരണത്തെ പറ്റി ഒരുതരത്തിലുള്ള ചർച്ചയും അനുവദിക്കുന്നുമില്ല. ദേശീയ തലത്തിലും പ്രാദേശിക തലത്തിലുമൊക്കെ ഇതാണ് കാണാൻ കഴിയുന്നത്.

**ഈ സ്ഥിതിക്ക് എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കാമോ?**

സാംസ്കാരിക മേഖലയിലെന്ന പോലെ മാധ്യമരംഗത്തും സംവരണം വേണമെന്ന ആവശ്യം നാളുകളായി ഉയർന്നുവരുന്നുണ്ട്. ഏതാണ്ട് 12 വർഷമായി ഈ ആവശ്യം ഉയർന്നിട്ട്. അതിന്റെതായ ചില മാറ്റങ്ങളും കാണാൻ തുടങ്ങിയിട്ടുണ്ട്. സാഹിത്യ- നാടക അക്കാദമികളിൽ ദലിതർക്ക് പ്രാതിനിധ്യം ലഭിച്ചത് ഈയൊരു അടിസ്ഥാനത്തിലാണ്.

മറ്റൊരു കാര്യം, രാഷ്ട്രീയ പാർട്ടികളിലേതുപോലെ മാധ്യമ രംഗത്തും സവർണവത്കരിക്കപ്പെട്ട ദലിതനാണ് ഇപ്പോഴും പ്രാതിനിധ്യം ലഭിക്കുന്നത്.

ഒറ്റപ്പെട്ട ചില ദലിത് എഴുത്തുകാർക്ക് പ്രധാന പത്രങ്ങൾ കോളങ്ങൾ അനുവദിക്കുന്നുണ്ടെന്നതല്ലാതെ മീഡിയയുടെ അഡ്മിനിസ്ട്രേഷൻ മേഖലയിലോ റിപ്പോർട്ടിംഗ് മേഖലയിലോ ഒന്നും തന്നെ ദലിതർക്ക് യാതൊരുവിധ പങ്കാളിത്തവും ലഭിക്കുന്നില്ല.

**ദേശീയതലത്തിൽ പോലും ഗൗരവമായ ചർച്ചകൾ ഉണ്ടാകാത്തതിന്റെ കാരണം?**

ദേശീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണ് ഇന്ത്യയിൽ പത്രപ്രവർത്തനം ആരംഭിക്കുന്നത്. ദേശീയ പ്രസ്ഥാനങ്ങൾക്കെല്ലാം നേതൃനിരയിൽ ഉണ്ടായിരുന്നത് സവർണ വിഭാഗക്കാരും അവരോട് ആഭിമുഖ്യമുള്ള വ്യവസായ പ്രമുഖരുമായിരുന്നു. ഇന്ത്യൻ നാഷ്നൽ കോൺഗ്രസ് അടക്കം ദേശീയ പ്രസ്ഥാനങ്ങളുടെ നാവായി പ്രവർത്തിച്ച മാധ്യമങ്ങൾ മുന്നോട്ടുകൊണ്ടുപോയത് ഇത്തരം വ്യവസായ പ്രമുഖരുടെ പണം കൊണ്ടാണ്. കേരളത്തിൽ തന്നെ ആദ്യകാലത്തുണ്ടായിരുന്ന പത്രങ്ങളാണ് *മിതവാദി*യും *മാതൃഭൂമി*യും. ഇതിൽ ആദ്യത്തേത് സാമൂഹിക പരിഷ്കരണത്തിനു വേണ്ടി നിലകൊണ്ടപ്പോൾ *മാതൃഭൂമി* ദേശീയ പ്രസ്ഥാനത്തോടൊപ്പം നിന്നു. സമ്പന്ന കുടുംബത്തിന്റെ ധനസഹായം ലഭിച്ചത് *മാതൃഭൂമി*ക്കാണ്. അംബേദ്കറും

**മുഖ്യധാരാ മാധ്യമങ്ങളെ കവച്ചുവെക്കാൻ സാധിക്കുംവിധത്തിൽ മുതൽമുടക്കാൻ മുസ്‌ലിംകളും പിന്നാക്ക വിഭാഗക്കാരും രംഗത്തുവരികയും ദലിതരിലെ ബുദ്ധിജീവികളെ ഉൾപ്പെടുത്താൻ തയാറാവുകയും ചെയ്താൽ യോജിച്ചുള്ള മീഡിയാ സംസ്കാരം വളർത്തിയെടുക്കാനാവും. ദലിതർക്കു മാത്രമായി സാമ്പത്തികരംഗത്ത് ഒന്നും ചെയ്യാനാവില്ല. ഹിന്ദുത്വം വംശാധിപത്യം പുലർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ മൂലധന സമാഹരണം ദലിതനെക്കൊണ്ട് മാത്രം സാധ്യമല്ല. അതിന് മുസ്‌ലിംകളുടെ സഹായം ആവശ്യമാണ്.**

അയ്യൻകാളിയും ജോൺ ജോസഫുമൊക്കെ പത്രങ്ങൾ ആരംഭിച്ചിരുന്നു. അതൊക്കെ പക്ഷേ സമ്പത്ത് ലഭിക്കാതെ പാർശ്വവത്കരിക്കപ്പെട്ടു. ആദ്യകാല അനുഭവങ്ങൾ കൊണ്ടുതന്നെ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ഇത്തരം ചർച്ചകൾ മുരടിച്ചു.

അതേസമയം ഇത്തരം ചർച്ചകൾ സജീവമായി നിലനിർത്തുന്നതിൽ ദലിതർക്കിടയിലെ സംഘടനകൾ പോലും മുന്നോട്ടുവരുന്നില്ലെന്നതാണ് മറ്റൊരു ദുര്യോഗം. സംഘടനാപരമായ ദൗർബല്യങ്ങളാണ് അതിനു കാരണം.

**ദലിത് വിഭാഗങ്ങൾക്ക് ഉടമസ്ഥാവകാശമുള്ള പ്രിന്റ്/ഇലക്ട്രോണിക് മാധ്യമങ്ങൾ ഏതെങ്കിലും നിലവിലുണ്ടോ?**

ഒന്നുംതന്നെ ഇല്ലെന്നു പറയാം. ബി.എസ്.പിയുടെയും കെ.പി.എം.എസിന്റെയും മറ്റും നിയന്ത്രണത്തിൽ ചില ഹോം മാഗസിനുകൾ പുറത്തിറങ്ങുന്നുണ്ടെന്നതല്ലാതെ മറ്റ് യാതൊന്നുമില്ല.

**അത്തരം ആലോചനകൾ പുരോഗമിക്കുന്നുണ്ടോ?**

ആലോചനകൾ നടക്കുകയും അനേകമാളുകൾ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. പ്രധാന തടസ്സം സമുദായത്തിനകത്തുനിന്ന് മൂലധനം സംഭരിക്കാനാവുന്നില്ല എന്നതാണ്. എല്ലാ സമുദായങ്ങളിലും സമ്പന്നർ ഉണ്ട്. ദലിതരിൽ മാത്രം അതില്ല. വിദേശത്തുനിന്നുള്ള സഹായമോ മറ്റെന്തെങ്കിലും തരത്തിലുള്ള ധനസമാഹരണമോ സാധ്യമല്ലെന്നതാണ് വലിയ തടസ്സം.

**ഇന്ത്യൻ മാധ്യമരംഗത്ത് ദലിത് പ്രാതിനിധ്യം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ?**

ഒരു ശതമാനം പോലുമില്ലെന്ന് പറയാം. അഫർമേറ്റീവ് ആക്ഷനിലൂടെ അമേരിക്കയിൽ പോലും 11 ശതമാനം കറുത്ത വർഗക്കാർ മാധ്യമരംഗത്ത് എത്തിച്ചേർന്നിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ അത്തരത്തിൽ യാതൊരു നീക്കവും ഉണ്ടായിട്ടില്ല. മീഡിയയിൽ, പ്രത്യേകിച്ച് വിഷ്വൽമീഡിയയിൽ ശരീരഘടന പോലും പ്രശ്നമാണ്. ഇംഗ്ലീഷ് പരിജ്ഞാനം അടക്കം ഈ മേഖലയിൽ ദലിതർ നേരിടുന്ന പ്രതിസന്ധിയും ഒരു ഘടകമാണ്.

**മുഖ്യധാരാ മാധ്യമങ്ങളിൽ പൊതുവെ ദലിത് പ്രശ്നങ്ങൾ സവർണ കാഴ്ചപ്പാടോടെയാണ് വിശകലനം ചെയ്യപ്പെടുന്നത്. ദലിത് മാധ്യമ പ്രവർത്തകരുടെ എണ്ണക്കുറവ് ഇതിനൊരു കാരണമല്ലേ?**

എണ്ണക്കുറവ് എന്നതിനേക്കാൾ ഉപരി അതൊരു പൊതുബോധത്തിന്റെ പ്രശ്നമാണ്. അതിൽനിന്ന് മാറിച്ചിന്തിക്കാൻ മീഡിയക്ക് കഴിയുന്നില്ല.

തെരഞ്ഞെടുപ്പ് വന്നാൽ എല്ലാ രാഷ്ട്രീയക്കാരും പള്ളി അരമനകളിലും എൻ.എസ്.എസ്, എസ്.എൻ.ഡി.പി ആസ്ഥാനങ്ങളിലും സഹായം യാചിച്ച് ചെല്ലും. പക്ഷേ, ദലിതർക്കിടയിലെ ഏറ്റവും വലിയ സംഘടനയായ 10 ലക്ഷം അംഗങ്ങൾ ഉണ്ടെന്ന് അവകാശപ്പെടുന്ന കെ.പി.എം.എസിന്റെ അടുക്കൽ ആരും വരാറില്ല. അവരുടെ വോട്ട് മൊത്തമായി ലഭിക്കില്ലെന്ന ധാരണകൊണ്ടാണത്. മീഡിയാ രംഗം എടുത്താലും ഇതാണവസ്ഥ. ദലിതർക്കിടയിൽ വായനക്കാർ

ഇല്ലെന്ന പൊതുബോധമാണ് അവരെ നയിക്കുന്നത്. സാധാരണ തിരുത്തേണ്ട സാഹചര്യമാണിന്നുള്ളത്. ദലിത് മധ്യ വർഗക്കാരുടെ ഇടയിൽ ധാരാളം പേർ വായനക്കാരും പത്രവരിക്കാരുമായുണ്ട്. *മാധ്യമം* ആഴ്ചപ്പതിപ്പിന്റെ നല്ലൊരു ശത മാനം വരിക്കാർ ദലിതരാണ്.

ദലിതർക്ക് സാമൂഹികവും രാഷ്ട്രീയവുമായ അധീശത്വം ഇല്ലാത്തതാണ് മറ്റൊരു പ്രശ്നം. സമുദായം എന്ന നിലയിൽ അവർക്കുള്ള ശക്തി പ്രകടിപ്പിക്കാൻ സാധിക്കുന്നില്ല.

എന്നാൽ, പാർശ്വവത്കൃത ജനവിഭാഗത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന ചില മാധ്യമങ്ങൾ ഈ കാഴ്ചപ്പാടിനു വിപരീതമായി ചിന്തിക്കുന്നുണ്ട്. അവർ ദലിതരിലെ എഴുത്തുകാരെ പ്രമോട്ടുചെയ്യുന്നുമുണ്ട്. പക്ഷേ, മുഖ്യധാരാ മാധ്യമങ്ങളെ ഈ പൊതുബോധം തന്നെയാണ് മുന്നോട്ടുനയിക്കുന്നത്.

**ദലിത് മാധ്യമ പ്രവർത്തകരുടെ എണ്ണക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും നീക്കങ്ങൾ?**

ധാരാളം ജേർണലിസ്റ്റുകൾ ദലിതരിലുണ്ട്. സാധ്യത കിട്ടുന്നില്ലെന്നു മാത്രം. ഇംഗ്ലീഷ് പരിജ്ഞാനക്കുറവ് പരിഹരിക്കാൻ സർക്കാർ തലത്തിൽ പ്രത്യേക പരിശീലനവും മീഡിയയിൽ സംവരണവും ആവശ്യമാണ്.

**ഇന്ത്യൻ മീഡിയാ പ്രവർത്തനത്തിൽ കാണുന്ന സവർണ കാഴ്ചപ്പാടുകളും ദലിത് വിരുദ്ധതയും ഒന്നു വിശകലനം ചെയ്യാമോ?**

നേരത്തെത്തന്നെ സൂചിപ്പിച്ചിരുന്നല്ലോ, ഇത് രാഷ്ട്രീയമാണ്. എല്ലായിടത്തും സവർണമേധാവിത്വം. യഥാർഥത്തിൽ ഇന്ത്യയിൽ ന്യൂനപക്ഷം എന്നു പറയുന്നത് മുസ്‌ലിംകളല്ല; സവർണരാണ്. സംഘ്പരിവാറിന് കൂടുതൽ വിരോധം മുസ്‌ലിംകളോടല്ല ദലിതരോടാണ്. ദർശനപരമായ വിരോധമാണത്. വിഭജിച്ചു ഭരിക്കുക എന്നത് ബ്രിട്ടീഷുകാരുടെ മാത്രം തന്ത്രമല്ല, സവർണരുടേതു കൂടിയാണ്. ദലിതരെ ചാതുർവർണ്യത്തിന്റെ ഭാഗമാക്കാൻ കൂടിയാണ് മുസ്‌ലിംവിരോധം സൃഷ്ടിച്ചത്. ഭൂരിപക്ഷമെന്ന പേരിൽ ഹിന്ദുയിസത്തെ സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തിൽ നിന്ന് ദേശീയ പ്രസ്ഥാനങ്ങൾ പോലും മുക്തരല്ല.

ദലിതർ ദലിതരായി സംഘടിക്കുന്നതിനെ ഒരു പ്രസ്ഥാനവും അംഗീകരിക്കില്ല. ഹിന്ദുക്കൾ എന്ന നിലയിൽ സംഘടിച്ചാൽ അവർ എതിർക്കില്ല.

ചാതുർവർണ്യവത്കരണത്തിനുള്ള പ്രവർത്തന ആയുധമായാണ് മീഡിയ ഉപയോഗിക്കപ്പെടുന്നത്. അതൊരിക്കലും സ്വതന്ത്രമായിട്ടില്ല. ഇറാഖ് യുദ്ധം ഉണ്ടാക്കിയതിൽ മീഡിയക്കുള്ള പങ്ക് നിഷേധിക്കാനാവില്ലല്ലോ, അതുതന്നെയാണ് ഇവിടെയും സംഭവിക്കുന്നത്.

**എന്താണ് ദലിത് മീഡിയാ സങ്കൽപം?**

ദലിതരെ ഏകോപിപ്പിച്ച് ഒരു രാഷ്ട്രീയ ശക്തിയാക്കാനുള്ള ആയുധമായി മീഡിയ ഉപയോഗപ്പെടണം. ദലിതരെ സാമുദായികമായും രാഷ്ട്രീയമായും ഏകീകരിക്കാനുള്ള പ്രവർത്തന പരിപാടികളാവണം മീഡിയയിലൂടെ സാധ്യമാവേണ്ടത്. രാജ്യത്തെ വൈവിധ്യങ്ങൾ അംഗീകരിക്കുന്ന ജനാധിപത്യ സങ്കൽപത്തിനുള്ളിൽനിന്നു കൊണ്ടുള്ള ധ്രുവീകരണമാണ് സാധ്യമാവേണ്ടത്. അതിനൊരു സങ്കുചിത സ്വഭാവം പാടില്ല. എല്ലാ ജനവിഭാഗങ്ങളുടെയും അവകാശവും അധികാരവും അംഗീകരിക്കപ്പെടണം. മറ്റുള്ളവരുടെ അവകാശം കവർന്നെടുക്കാനോ അവർക്കുള്ള അവകാശം ഇല്ലാതാക്കിയോ ഉള്ള മീഡിയാ സങ്കൽപമല്ല ദലിത് മീഡിയക്കുള്ളത്.



**ഡോ. അംബേദ്കർ**

**രാഷ്ട്രീയ പാർട്ടികളിലേതുപോലെ മാധ്യമ രംഗത്തും സവർണവത്കരിക്കപ്പെട്ട ദലിതനാണ് ഇപ്പോഴും പ്രാതിനിധ്യം ലഭിക്കുന്നത്. ഒറ്റപ്പെട്ട ചില ദലിത് എഴുത്തുകാർക്ക് പ്രധാന പത്രങ്ങൾ കോളങ്ങൾ അനുവദിക്കുന്നുണ്ടെന്നതല്ലാതെ മീഡിയയുടെ അഡ്മിനിസ്ട്രേഷൻ മേഖലയിലോ റിപ്പോർട്ടിംഗ് മേഖലയിലോ ഒന്നും തന്നെ ദലിതർക്ക് യാതൊരുവിധ പങ്കാളിത്തവും ലഭിക്കുന്നില്ല.**

**ദലിത്, പിന്നാക്ക സമരങ്ങളും പ്രക്ഷോഭങ്ങളും അട്ടിമറിക്കാനോ ഹൈജാക്ക് ചെയ്യാനോ മുഖ്യധാരാ മാധ്യമങ്ങൾ കൂട്ടുനിന്നിട്ടില്ലേ?**

പച്ചവെള്ളം പോലെ സത്യമായ കാര്യമാണത്. മണ്ഡൽ കമീഷൻ റിപ്പോർട്ടും ആദിവാസി ദലിത് പ്രക്ഷോഭങ്ങളുമെല്ലാം ഹൈജാക്ക് ചെയ്യപ്പെട്ടത് മുഖ്യധാരാ മാധ്യമങ്ങളുടെ ഇടപെടൽ മൂലമാണ്.

താഴെ തട്ടിലുള്ള ജനവിഭാഗങ്ങളുടെ അവകാശങ്ങൾ ഒരിക്കലും അവർ പുറത്തുകൊണ്ടു വന്നിട്ടില്ല. അവർ നേരിടുന്ന പ്രശ്നങ്ങളിൽ കണ്ണടച്ചുള്ള സമീപനമാണ് മുഖ്യധാരാ മാധ്യമങ്ങൾ സ്വീകരിച്ചത്.

**ദേശീയതലത്തിൽ മണ്ഡൽ വിരുദ്ധ സമരങ്ങൾക്കും കേരളത്തിൽ ഭൂമിയില്ലാത്തവരുടെ ഭൂസമരങ്ങളിലും മീഡിയ സ്വീകരിച്ച സമീപനങ്ങൾ?**

മണ്ഡൽ പ്രശ്നമാണെങ്കിലും ബാബരി മസ്ജിദ് വിഷയമാണെങ്കിലും ഗുജറാത്ത് കലാപമാണെങ്കിലും അതെല്ലാം ഗുരുതരമായ പരിണതിയിലേക്ക് എത്തിച്ചത് മുഖ്യധാരാ മാധ്യമങ്ങളോ പ്രദേശിക മാധ്യമങ്ങളോ ആണ്. മണ്ഡൽ പ്രക്ഷോഭകാലത്ത് മാധ്യമങ്ങൾ തുറന്ന യുദ്ധം തന്നെയാണ് പിന്നാക്ക വിഭാഗക്കാർക്കെതിരിൽ അഴിച്ചുവിട്ടത്. ഗുജറാത്തിൽ ആയിരങ്ങളെ ചുട്ടുകൊല്ലുമ്പോൾ തീ ആളിപ്പടർത്താനാണ് അവിടത്തെ പ്രാദേശിക പത്രങ്ങൾ മുന്നിട്ടിറങ്ങിയത്.

കേരളത്തിലെ ഭൂമിയില്ലാത്തവരുടെ ഭൂസമരങ്ങളിൽ അതിന്റെ യഥാർഥ വസ്തുതകളിലേക്കോ ചരിത്രപരവും രാഷ്ട്രീയപരവുമായ കാരണങ്ങളിലേക്കോ മീഡിയ കടന്നുചെല്ലാറില്ല. എന്തുകൊണ്ട് ഭൂസമരങ്ങൾ ഉണ്ടാകുന്നു എന്നതിനെപറ്റി ഒരു ചാനലും ചർച്ച ചെയ്യാറില്ല. വിഷൽ മീഡിയ ചില സ്ഥിരം ചർച്ചാ വിദ്വാ

ന്മാരെയല്ലാതെ വ്യത്യസ്ത സമീപനത്തോടെ കാര്യങ്ങൾ കാണുന്നവരെ ചർച്ചക്ക് വിളിക്കാറില്ല.

1957 മുതൽ '70 വരെയുള്ള കാലഘട്ടത്തിലാണ് നമ്മുടെ രാജ്യത്ത് ഭൂപരിഷ്കരണം നടക്കുന്നത്. ഇതിലൂടെ ഭൂമി പങ്കിട്ടു കൊടുത്തത് ഈഴവ ജനവിഭാഗത്തിനു മുകളിലുള്ളവർക്കാണ്. പട്ടിക ജനവിഭാഗക്കാർക്ക് ഈ ഭൂമിയിൽ അവകാശം ലഭിച്ചില്ല. അവർ കോളനികളിലേക്ക് തള്ളപ്പെട്ടു. ഇത്തരം കോളനികൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. ശവം മറവുചെയ്യാൻ പോലും സ്ഥലം ലഭിക്കാതെ അവർ പ്രയാസം നേരിടുന്നു.



**ചെങ്ങറയിൽനിന്ന് ▶**

**കേരളത്തിലെ ഭൂമിയില്ലാത്തവരുടെ ഭൂസമരങ്ങളിൽ, അതിന്റെ യഥാർഥ വസ്തുതകളിലേക്കോ ചരിത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളിലേക്കോ മീഡിയ കടന്നുചെല്ലാറില്ല. എന്തുകൊണ്ട് ഭൂസമരങ്ങൾ ഉണ്ടാകുന്നു എന്നതിനെപറ്റി ഒരു ചാനലും ചർച്ച ചെയ്യാറില്ല. വിഷ്വൽ മീഡിയ ചില സ്ഥിരം ചർച്ചാ വിദ്വാന്മാരെയല്ലാതെ വ്യത്യസ്ത സമീപനത്തോടെ കാര്യങ്ങൾ കാണുന്നവരെ ചർച്ചക്ക് വിളിക്കാറില്ല.**

ഇത്തരം സാഹചര്യത്തിലാണ് ഭൂസമരങ്ങൾ ഉയർന്നുവരുന്നത്. എന്നാൽ ഇത്തരം ജനകീയ സമരങ്ങളെ അതിന്റേതായ രീതിയിൽ കാണാതെ ചില നേതാക്കളുടെ വൈകാരികമായ പ്രസംഗങ്ങളും ചില സംഘടനകളുടെ പ്രവർത്തനങ്ങളും മാത്രം മീഡിയ ബൂസ്റ്റ് ചെയ്യുന്നു. അതുകൊണ്ടുതന്നെ യഥാർഥവശം ചർച്ചചെയ്യാതെ വാർത്താ മൂല്യം കഴിയുമ്പോൾ മീഡിയക്ക് അത് കൈയൊഴിയാൻ പറ്റും. പ്രശ്നങ്ങളുടെ മാനുഷികതലം ഒരിക്കലും മീഡിയ പുറത്തുകൊണ്ടുവന്നിട്ടില്ല.

**ന്യൂനപക്ഷങ്ങളും, പ്രത്യേകിച്ച് മുസ്‌ലിംകൾ മീഡിയാരംഗത്ത് ഒരു സാന്നിധ്യമേയല്ല. അവരെക്കുറിച്ച് നിറംപിടിപ്പിച്ച കെട്ടുകഥകളാണ് മീഡിയ മെനഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിനെ പ്രതിരോധിക്കാൻ എന്താണ് താങ്കൾക്ക് നിർദേശിക്കാനുള്ളത്?**

ന്യൂനപക്ഷങ്ങളുടെ വക്താക്കൾ എന്നു പറയുന്നത് മതനേതൃത്വം തന്നെയാണ്. ഈ മതനേതൃത്വത്തിന് ദലിതുകളോട് ഒരിക്കലും സഹിഷ്ണുതാപരമായ സമീപനം പുലർത്താൻ കഴിഞ്ഞിട്ടില്ല. പി.ഡി.പിക്കു പോലും ദലിത്-പിന്നാക്ക -ന്യൂനപക്ഷ ഐക്യമെന്ന ആശയത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞിട്ടില്ല. ദലിതരെയും പിന്നാക്കക്കാരെയും ഏകോപിപ്പിച്ചുകൊണ്ട് സാമൂഹികവും രാഷ്ട്രീയവുമായ നയ സമീപനത്തോടെ നിലകൊള്ളാൻ ന്യൂനപക്ഷ നേതൃത്വത്തിന് ഇനിയും സാധിച്ചിട്ടില്ല. മുസ്‌ലിം പത്രപ്രവർത്തനവും വളരെ സങ്കുചിതമാണ്. സമുദായത്തിനകത്തുതന്നെ അവർ ഒതുങ്ങുന്നു, അപവാദങ്ങൾ ഉണ്ടാവാം. അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ മറ്റു വിഭാഗക്കാരുടെ പ്രശ്നങ്ങളുമായി ബന്ധിപ്പിക്കാൻ അവർക്ക് സാധിക്കുന്നില്ല.

കേരളത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇസ്‌ലാമിക പ്രസാധനാലയമാണ് ഐ.പി.എച്ച്. ഇന്നേവരെ അവർ അംബേദ്കറെ കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടില്ല. നമ്മുടെ ദേശീയതയുടെ യഥാർഥ ചിത്രം മുസ്‌ലിംകൾ മനസ്സിലാക്കിയിട്ടില്ല. അത് സവർണവത്കൃതമാണ്, അവിടെ മുസ്‌ലിംകളെന്ന പോലെതന്നെ ദലിതരും പ്രാന്തവത്കരിക്കപ്പെട്ടിരിക്കുകയാണ്. ഇതിനെയെല്ലാം കണ്ടുകൊണ്ടുള്ള സമീപനമാണ് ഇസ്‌ലാമിക മീഡിയയിൽനിന്ന് ഉണ്ടാവേണ്ടത്. എന്നാൽ അങ്ങനെയല്ല സംഭവിക്കുന്നതെന്നത് ഖേദകരമായ കാര്യമാണ്.

ആത്മാർഥമായ സമീപനത്തോടെയുള്ള കൂട്ടായ്മയിലൂടെ മാത്രമേ ഇപ്പോഴത്തെ മീഡിയയുടെ ആക്രമണത്തെ പ്രതിരോധിക്കാനാവൂ.

**ഇത്തരമൊരു കൂട്ടായ്മക്ക് മുസ്‌ലിംകളിൽനിന്ന് അനുകൂല സമീപനമുണ്ടായാൽ ദലിതരിൽനിന്ന് സഹകരണം പ്രതീക്ഷിക്കാമോ?**

പ്രായോഗികമായ പ്രതിസന്ധികൾ വളരെ ഉണ്ടാകുമെങ്കിലും ആശയപരമായ യോജിപ്പ് വളരെ വേഗം സാധ്യമാണ്. പിന്നാക്ക ഐക്യം എന്നത് പ്രായോഗിക തലത്തിൽ ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. മുസ്‌ലിംകളും മറ്റു പിന്നാക്ക വിഭാഗങ്ങളും ഒരുതലത്തിൽ അധികാര രാഷ്ട്രീയത്തിൽ പങ്കുകാരാണ്. ഭരണവർഗവും സാമ്പത്തികശേഷി ഉള്ളവരുമാണ്. ഇതൊക്കെയാണെങ്കിലും അവർ വലിയ പ്രതിസന്ധി നേരിടുന്നുമുണ്ട്. ഹിന്ദുത്വത്തെ ന്യൂനപക്ഷമാക്കിക്കൊണ്ട് ദലിത് പിന്നാക്ക വിഭാഗക്കാരുമായി ഐക്യപ്പെടാൻ ഭരണവർഗം എന്ന നിലയിൽ മുസ്‌ലിംകൾക്ക് സാധിക്കുന്നില്ലെന്നതാണ് പ്രശ്നം.

**ഇത് കേരളപശ്ചാത്തലത്തിൽ മാത്രമുള്ള താങ്കളുടെ നിരീക്ഷണമാണെന്ന് തോന്നുന്നു. ദേശീയതലത്തിൽ സച്ചാർ കമ്മറ്റി റിപ്പോർട്ടും മറ്റും പരിശോധിച്ചാൽ ദലിതരേക്കാൾ പിന്നാക്കാവസ്ഥയിലാണ് മുസ്‌ലിംകൾ എന്ന് കാണാനാവും.**

ന്യൂനപക്ഷ പ്രസ്ഥാനങ്ങളുമായി

എല്ലാ കാലത്തും ദലിത് വിഭാഗക്കാർ ഐക്യപ്പെട്ടിട്ടുണ്ട്. അംബേദ്കറുടെ കാലം തൊട്ടു തന്നെ ഇത് കാണാം. ഇപ്പോൾ മായാവതിയാണെങ്കിലും മുസ്‌ലിംകളോട് വളരെ അനുഭാവപൂർവമായ സമീപനമാണ് കൈക്കൊള്ളുന്നത്. ജനാധിപത്യ സ്വഭാവത്തിലേക്ക് മാറേണ്ടത് ദലിതരല്ല, മുസ്‌ലിംകളാണ്. അവരുടെ കൈയിലാണ് സമ്പത്തും അധികാരവും. ദേശീയതലത്തിൽ മുസ്‌ലിംകൾ പ്രതിസന്ധി നേരിടുമ്പോഴൊക്കെ ദലിതർ ഒപ്പം നിന്നിട്ടുണ്ട്. ഗുജറാത്ത് കലാപകാലത്താണെങ്കിലും സംഘ്പരിവാറിനെ വിമർശിച്ച് രംഗത്തുവന്നത് ദലിത് വിഭാഗക്കാരാണ്.

**പക്ഷേ ഗുജറാത്തിൽ ആദിവാസികളെയും ദലിതരെയും മുസ്‌ലിംവിരുദ്ധ കലാപത്തിൽ ഉപയോഗപ്പെടുത്തിയില്ലേ?**

അതിൽ ചില പ്രശ്നങ്ങൾ ഉണ്ട്. ദലിതരുടെ ജീവിതസാഹചര്യങ്ങളാണ് ഒരു കാരണം. ഇന്ത്യയിൽ നടന്ന എല്ലാ കലാപങ്ങളുടെ പിന്നിലും സമ്പന്നരും വ്യാപാരികളുമായ കുറ്റവാളി ഗ്രൂപ്പുകളാണ്. വ്യാവസായിക നഗരങ്ങളിൽ ആരംഭിച്ച് ഗ്രാമങ്ങളിലേക്ക് കലാപം പടരുയാണ് ചെയ്യുന്നത്. നഗരങ്ങളിൽ പരമ്പരാഗതമായി ഹിന്ദു സവർണ വിഭാഗക്കാരാണ് വ്യാപാരരംഗത്ത് കുത്തകകളായുള്ളത്. അവിടേക്ക് ആധിപത്യ സ്വഭാവത്തോടെ മുസ്‌ലിംകളോ മറ്റു വിഭാഗക്കാരോ കടന്നുവരുന്നതിനെ അവർ അനുവദിക്കില്ല. മുംബൈ, കോയമ്പത്തൂർ കലാപങ്ങളിലൊക്കെ ഈയൊരു വ്യാപാര താൽപര്യം ദൃശ്യമാണ്.

ഏറ്റവും ലളിതമായ ജീവിത സാഹചര്യത്തിൽ നിലകൊള്ളുന്ന ദലിതരെ സാമ്പത്തിക സഹായം നൽകിയും ബലാത്സംഗത്തിന് അവസരം ഒരുക്കിയും കലാപങ്ങളിൽ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ദലിത് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നവരാരും ഇത്തരം കലാപങ്ങളിൽ പങ്കാളികളാകാറില്ല.

**മീഡിയാ രംഗത്ത് ദലിത്, പിന്നാക്ക ന്യൂനപക്ഷങ്ങൾ ചേർന്ന് ഒരു ബദൽ മീഡിയാ സംസ്കാരം വളർത്തിക്കൊണ്ടുവരാനാവുമോ? പ്രായോഗികരംഗത്ത് അതിന്റെ സാധ്യത എത്രത്തോളം?**

തീർച്ചയായും സാധ്യമാണ്. മുഖ്യധാരാ മാധ്യമങ്ങളെ കവച്ചുവെക്കാൻ സാധിക്കുംവിധത്തിൽ മുതൽമുടക്കാൻ മുസ്‌ലിംകളും പിന്നാക്ക വിഭാഗക്കാരും



കാഞ്ച ഐലയ്യ

**ദലിതരെ ഏകോപിപ്പിച്ച് ഒരു രാഷ്ട്രീയ ശക്തിയാക്കാനുള്ള ആയുധമായി മീഡിയ ഉപയോഗപ്പെടണം. ദലിതരെ സാമുദായികമായും രാഷ്ട്രീയമായും ഏകീകരിക്കാനുള്ള പ്രവർത്തന പരിപാടികളാവണം മീഡിയയിലൂടെ സാധ്യമാവേണ്ടത്. രാജ്യത്തെ വൈവിധ്യങ്ങൾ അംഗീകരിക്കുന്ന ജനാധിപത്യ സങ്കൽപത്തിനുള്ളിൽനിന്നു കൊണ്ടുള്ള ധ്രുവീകരണമാണ് സാധ്യമാവേണ്ടത്. മറ്റുള്ളവരുടെ അവകാശം കവർന്നെടുക്കാനോ അവർക്കുള്ള അവകാശം ഇല്ലാതാക്കിയോ ഉള്ള മീഡിയാ സങ്കൽപമല്ല ദലിത് മീഡിയക്കുള്ളത്.**

രംഗത്തുവരികയും ദലിതരിലെ ബുദ്ധിജീവികളെ ഉൾപ്പെടുത്താൻ തയാറാവുകയും ചെയ്താൽ യോജിച്ചുള്ള മീഡിയാ സംസ്കാരം വളർത്തിയെടുക്കാനാവും. സാധ്യത മാത്രമല്ല രാജ്യത്തിന് ആവശ്യവുമാണ്. വിഷ്വൽ മീഡിയാ രംഗത്തും ഇന്റർനെറ്റിലുമെല്ലാം ഈ സാധ്യത ഉപയോഗപ്പെടുത്താനാവും.

ഇക്കാര്യത്തിൽ ദലിതർക്കു മാത്രമായി സാമ്പത്തികരംഗത്ത് ഒന്നും ചെയ്യാനാവില്ല. ഹിന്ദുത്വം വംശാധിപത്യം പുലർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ മൂലധന സമാഹരണം ദലിതനെക്കൊണ്ട് മാത്രം സാധ്യമല്ല. അതിന് മുസ്‌ലിംകളുടെ സഹായം ആവശ്യമാണ്.

സമാന്തര മീഡിയാ സംവിധാനം അനിവാര്യമാണെന്നതിന് രാജ്യത്ത് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാവും. അത് പാർശ്വവത്കൃത ജനവിഭാഗത്തിന്റെ കൂട്ടായ്മയിൽനിന്ന് ഉയർന്നുവരേണ്ടതാണ്.

സാങ്കേതികമായി മുസ്‌ലിംകൾ ഭരണവർഗമാണെങ്കിലും സൈദ്ധാന്തികമായി അതല്ല. ആ ബോധത്തോടു കൂടി വേണം ഈ കൂട്ടായ്മക്കായി അവർ രംഗത്തുവരേണ്ടത്.

**അംബേദ്കർ, കാഞ്ച ഐലയ്യ പോലുള്ള ദലിത് ആക്റ്റിവിസ്റ്റുകളും ചിന്തകരും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോ?**

അവർ ചർച്ച ചെയ്യുകയും ചില തുടക്കങ്ങൾ ഇടുകയും ചെയ്തു. പക്ഷേ, അംബേദ്കറുടെ കാലത്ത് ദലിതരിൽനിന്ന് ഒരു ബുദ്ധിജീവി വിഭാഗം ഉയർന്നുവന്നിരുന്നില്ല. ബുദ്ധിജീവി വിഭാഗത്തിന്റെ പിന്തുണ ഇല്ലാതെ ഒരു മീഡിയക്കും പിടിച്ചുനിൽക്കാനാവില്ല. ഇന്ന് ദലിതരിൽ വലിയൊരു വിഭാഗം ബുദ്ധിജീവികളായുണ്ട്. അവരെ വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നില്ലെന്നു മാത്രം.

**മീഡിയ പൊതുവിൽ ഒരു വിനോദ വ്യവസായമായി മാറിയത് ദലിത്, പിന്നാക്ക പ്രശ്നങ്ങൾ തമസ്കരിക്കപ്പെടാൻ കാരണമായിട്ടില്ലേ?**

ആദ്യം തന്നെ ഇക്കാര്യം ഞാൻ സൂചിപ്പിച്ചിരുന്നു. സാമ്പത്തിക സ്രോതസ്സായാണ് മീഡിയയെ അതിന്റെ നടത്തിപ്പുകാർ കാണുന്നത്. ഉപരിവർഗ വിഭാഗത്തെ ലക്ഷ്യമിട്ടാൽ മാത്രമേ പരസ്യവും സമ്പത്തും ലഭ്യമാകൂ. ഇത്തരക്കാർക്ക് താൽപര്യം വിനോദ ഉപാധികളിലാണ്. മനുഷ്യാവകാശ പ്രശ്നങ്ങൾ വിൽപന ചരക്കല്ലാത്തതുകൊണ്ടുതന്നെ അത് തമസ്കരിക്കപ്പെടുന്നു. ■